# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.558 29.05.2019-ൽ മറുപടിയ്ക്ക്

## കാരുണ്യ പദ്ധതി

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നിലവിൽ കാരുണ്യ പദ്ധതി പ്രകാരം ജില്ലാതല സമിതി പരിശോധിച്ച് ധനസഹായം നൽകുന്ന ഗുരുതരമായ അസുഖങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ക്യാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഹൃദയ ശസ്ത്രക്രിയകൾ എന്നിവയ്ക്ക്) തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്കകൾ, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോ ണിയൽ ഡയാലിസിസ്, വൃക്കമാറ്റി വയ്ക്കലിന് ശേഷമുള്ള തുടർചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയുടെ ഗുരുതരക്ഷതങ്ങൾ എന്നിവ യ്ക്കാണ് നിലവിൽ കാരുണ്യ ചികിത്സാ പദ്ധതിയിൽ നിന്നും ചികിത്സാസഹായം നൽകുന്നത്. |
| (ബി) | ഇതിൽ പെടാത്തതും എന്നാൽ അതീവഗുരുതരമെന്ന് ഡോക്ടർ മാർ സർട്ടിഫൈ ചെയ്യുന്നതു മായ അസുഖങ്ങൾക്കുകൂടി ചികിത്സാ സഹായം നൽകുന്ന കാര്യം പരിഗണിക്കുവാൻ ജില്ലാ തല സമിതികൾക്ക് അധികാരം നൽകുമോ എന്നറിയിക്കുമോ ? | (ബി) | കാരുണ്യ പദ്ധതി പുതിയ ആരോഗ്യ പദ്ധതിയായ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' യുമായി ലയിപ്പിക്കുന്ന സാഹചര്യത്തിൽ പുതിയ പാക്കേജുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ പുതിയ അക്രഡിറ്റേഷൻ നൽകുകയോ ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ